"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-പെരുവനം ആറാട്ടുപുഴ പൂരം 2025- അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.68/2026/TSM തീയതി,തിരുവനന്തപുരം, 27-01-2026

പരാമർശം:- 1. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 24.01.2025 തീയതിയിലെ DOT/4944//2024-M1 നം കത്ത്.

2. സ.ഉ.(സാധാ)നം.76/2025/TSM തീയതി 12.02.2025

3. പുതുക്കാട് ബഹു എം.എൽ.എ ശ്രീ.കെ.കെ.രാമചന്ദ്രൻ സമർപ്പിച്ച 16.08.2025 തീയതിയിലെ കത്ത

**ഉത്തരവ്**

തൃശൂർ ജില്ലയിലെ പെരുവനം ആറാട്ടുപുഴ പൂരം 2025 ന് ധനസഹായം അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.എം.എൽ.എ., ശ്രീ.കെ.കെ.രാമചന്ദ്രൻ സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം(1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം ₹25,000/- രൂപ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത പൂരത്തിന് നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.എം.എൽ.എ., ശ്രീ.കെ.കെ.രാമചന്ദ്രൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശൂർ ജില്ലയിലെ പെരുവനം ആറാട്ടുപുഴ പൂരം 2025 ന് 3452-80-104-99-00-01 വിവിധ ഉത്സവങ്ങളുടെയും സാസംസ്കാരിക പരിപാടികളുടെയും പരിപോഷണം (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും **₹50,000/-**(അൻപതിനായിരം രൂപ മാത്രം) കൂടി അധിക ധനസഹായമായി അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം

പെരുവനം ആറാട്ടുപുഴ പുരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പെരുവനം ആറാട്ടുപുഴ പുരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരള,തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Archana T**
**Date: 27-01-2026 12:36:10**

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്